# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 809 — 28.9.2011-ൽ മറുപടിക്ക്

### ഫെയർ സ്റ്റേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി | |
| എ) | സംസ്ഥാനത്ത് നിലവിലുള്ള ഫെയർ സ്റ്റേജ് എന്നാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്; | എ) | ഫെയർസ്റ്റേജ് നിർണ്ണയം ഒരു ഒറ്റതവണ നടപടിയല്ല. അത് തുടർന്നുകൊണ്ടിരിക്കുന്ന ഒരു നടപടിയാണ്. സ്ഥലത്തിന്റെ പ്രാധാന്യം ജനങ്ങളുടെ സൗകര്യം എന്നിവ കണക്കിലെടുത്ത് ഫെയർസ്റ്റേജ് നിർണ്ണയിക്കാനുള്ള അധികാരം അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്കാണ്. |
| ബി) | ഇതിൽ അപാകതകളുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | ഫെയർസ്റ്റേജിന്റെ അടിസ്ഥാനത്തിൽ ബസ്സ് ചാർജ്ജ് വർദ്ധിപ്പിക്കുമ്പോൾ യാത്രക്കാർ കൂടുതൽ തുക നൽകേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) & (ഡി) | ബസ് ചാർജ്ജ് പുതുക്കി നിശ്ചയിക്കുമ്പോൾ സ്വാഭാവികമായും ഫെയർസ്റ്റേജ് നിരക്കുകളിൽ വർദ്ധനവ് ഉണ്ടാകാറുണ്ട്. ഇങ്ങനെ ഉണ്ടാകുന്ന വർദ്ധനവിനെക്കുറിച്ച് പരാതി ലഭിക്കുകയാണെങ്കിൽ അത് പരിശോധിച്ച് അസ്വാഭാവികമായ വർദ്ധനവ് ഉണ്ടെന്ന് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ അത് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ ആയതിന് അധികാരമുള്ള ബന്ധപ്പെട്ട ആർ.ടി.എ-കൾക്ക് നല്കിയിട്ടുണ്ട്. ഏറ്റവും ഒടുവിൽ ചാർജ്ജ് വർദ്ധിപ്പിച്ചപ്പോൾ ഓർഡിനറി സർവ്വീസുകളിലെ നാലാമത്തെ സ്റ്റേജിൽ പഴയ നിരക്കായ 5.50 രൂപയ്ക്ക് പകരം 8 രൂപ ഈടാക്കിയിരുന്നത് സംബന്ധിച്ച് പരാതി ശ്രദ്ധയിൽപ്പെടുകയും ആയത് പരിശോധിച്ച് 7.00 രൂപയായി കുറച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| ഡി) | എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ